ചാലക്കുടി വെറ്റിനറി ആശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി

185 (1601) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വെറ്റിനറി ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫുകളെയും നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്ത് പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന ശിപാർശ ആയതിനാൽ ചാലക്കുടി വെറ്റിനറി ആശുപത്രി പോളിക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

പക്ഷിപ്പനി ബാധിച്ച് ചത്ത താറാവുകൾക്ക് നഷ്ടപരിഹാരം

186 (1602) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ മരണപ്പെട്ടെന്നും മാസ് കള്ളിംഗ് നടത്തി എത്ര താറാവുകളെയും വളർത്തു പക്ഷികളെയും കൊന്നൊടുക്കിയെന്നും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി നൽകി ; മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) മാസ് കള്ളിംഗ് നടത്തുന്നതിനുമുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ലെന്ന പരാതി കർഷകരിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly